**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **28-02-2023 - ൽ മറുപടിയ്ക്ക്**

**കടുവ ചത്ത വിവരം അറിയിച്ച വ്യക്തി ജീവനൊടുക്കിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്, ശ്രീമതി കെ.കെ.രമ, ശ്രീ. സജീവ് ജോസഫ്, ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് അമ്പലവയൽ അമ്പുകുത്തി ഭാഗത്ത് കടുവ ചത്ത സംഭവത്തിന്റെ ആദ്യ ദൃക്സാക്ഷിയായ ഹരികുമാറിനെ വനം വകുപ്പ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | **വയനാട് അമ്പലവയൽ അമ്പുകുത്തി ഭാഗത്ത് കടുവ ചത്ത സംഭവത്തിൽ കടുവയെ ആദ്യമായി കണ്ടയാൾ എന്ന നിലയിൽ ഹരികുമാർ ജോലിചെയ്തിരുന്ന ഗ്രീൻ ഗാർഡൻ ഫാമിൽ ചെന്ന് പ്രദേശത്തെ മുൻ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വിവരങ്ങൾ ചോദിച്ചിരുന്നു.** |
| (ബി) | വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലും ഭീഷണിയും കാരണമാണ് ഹരികുമാർ ആത്മഹത്യ ചെയ്തത് എന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | **പ്രസ്തുത വിഷയം സംബന്ധിച്ച് കോഴിക്കോട് ഐ & ഇ വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തി വരികയാണ്.** |
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **ഇത് സംബന്ധിച്ച് നടന്നു വരുന്ന അന്വേഷണത്തിൽ വനം വകുപ്പ് ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന പക്ഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ